E-mail: srsthiruvalla@kau.in
Phone:0469 2604181

# കേരള കാർഷിക സർവ്വകലാശാല

## കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ, തിരുവല്ല - 689 102

നം.എ.ആർ.എസ്. III/970/2022 തീയ്യതി: 26.07.2022

## വിജ്ഞാപനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിൽ എൻ.സി.എ. ഒഴിവുകളിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനായുള്ള റാങ്ക് പട്ടിക തയ്യാറാക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ഒഴിവുകളുടെ എണ്ണം:

| എൻ.സി.എ. ഒഴിവുകൾ | | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| മുസ്ലീം | 1 | 1 |
| ധീവര | 1 | 0 |
| വിശ്വകർമ്മ | 1 | 0 |
| എൽ.സി./എ.ഐ. | 0 | 1 |
| ഒ.ബി.സി. (KS&SSR ഭാഗം II ചട്ടം 17(1) പ്രകാരം, ഈഴവ/ബില്ലവ/തിയ്യ, മുസ്ലീം, എൽ.സി./എ.ഐ.,ഹിന്ദു നാടാർ, SIUC നാടാർ, എസ്.സി.സി.സി., വിശ്വകർമ്മ,ധീവര എന്നീ വിഭാഗത്തിൽപ്പെട്ടവർ ഒഴികെ) | 0 | 1 |

ഡോ.ഷാജൻ.വി.ആർ.
പ്രൊഫസർ ആന്റ് ഹെഡ്

നിബന്ധനകൾ:

1. അപേക്ഷകർ തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്ന ബ്ളോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിക്കുള്ളിലോ, കേന്ദ്രത്തിൽ നിന്നും അഞ്ച് കി.മീ. ദൂരപരിധിക്കുള്ളിൽ വരുന്ന ബ്ളോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിലോ സ്ഥിരതാമസക്കാരായിരിക്കണം.
2. അപേക്ഷകർ 01.01.2022 ന് 18 (പതിനെട്ട്) വയസ്സ് പൂർത്തിയായവരും 36 (മുപ്പത്തിആറ്) വയസ്സ് കഴിയാത്തവരും ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് 5 വർഷത്തെയും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് 3 വർഷത്തെയും ഉയർന്ന പ്രായപരിധിയിൽ ഇളവ് ഉ ായിരിക്കുന്നതാണ്.

3. 4–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം അപേക്ഷിച്ചാൽമതിയാവും. ഉയർന്ന യോഗ്യതയുള്ളവരെ പരിഗണിക്കുന്നതല്ല.
4. വയസ്സ്, ജാതി, മതം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനായി ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും, അപേക്ഷകർ നിർദ്ദിഷ്ട സ്ഥലപരിധിക്കുള്ളിൽ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുംകൂടി നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേ താണ്. അപ്രകാരമല്ലാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
5. അപേക്ഷാഫോറം തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും 20 രൂപ വിലയ്ക്ക് **27.07.2022** മുതൽ **27.08.2022** വരെയുള്ള തീയ്യതികളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് പ്രവർത്തനസമയത്ത് ലഭിക്കുന്നതാണ്. തുക പണമായി കേന്ദ്രത്തിൽ ഒടുക്കേ താകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷാഫോറം സൗജന്യമായി ലഭിക്കുന്നതാണ്.
6. കായികക്ഷമതാ പരീക്ഷ (സ്ക്രീനിംഗ് ടെസ്റ്റ്), തൊഴിൽ വൈദഗ്ധ്യ പരീക്ഷ (സ്കിൽ ടെസ്റ്റ്), ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.
7. സർവ്വകലാശാല നിശ്ചയിക്കുന്ന ഇനങ്ങളിലായിരിക്കും വൈദഗ്ധ്യം പരിശോധിക്കുന്നത്.
8. എൻ.സി.എ.നിയമനത്തിനുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാനദണ്ഡങ്ങളും സർക്കാർ ഉത്തരവുകളും കാഷ്വൽ തൊഴിലാളി നിയമനത്തിന് ബാധകമായിരിക്കും.
9. നിർദ്ദിഷ്ട ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം **പ്രൊഫസർ ആന്റ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ.പി.ഒ., തിരുവല്ല – 689102 എന്ന മേൽ വിലാസത്തിൽ 2022 സെപ്റ്റംബർ 5 –ാം തീയ്യതി വൈകിട്ട് 5.00 മണിക്ക്** മുൻപായി ലഭിച്ചിരിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
10. സംശയങ്ങൾക്ക് തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ 0469–2604181 എന്ന ടെലിഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെടാവുന്നതാണ്.
11. കാഷ്വൽ തൊഴിലാളി നിയമനവുമായി ബന്ധപ്പെട്ട് ഇളവുകൾ/ആനുകൂല്യങ്ങൾക്ക് അർഹതയുള്ള കരാർ/ദിവസവേതനം/സ്വയംസഹായ സംഘം വ്യവസ്ഥയിൽ ജോലി ചെയ്ത തൊഴിലാളികൾ തങ്ങൾ കൃഷി അനുബന്ധ ജോലികളിൽ ഏർപ്പെട്ട് 6 മാസത്തിൽ കുറയാതെ പ്രവൃത്തിയെടുത്തു എന്ന് തെളിയിക്കുന്ന കേന്ദ്രം മേധാവി നൽകുന്ന സാക്ഷ്യപത്രം സമർപ്പിക്കണം. നിർമ്മാണ തൊഴിലാളികൾ/ഓഫീസ് ജോലികൾ ചെയ്തവർ എന്നിവരെ ടി ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല.

ഡോ.ഷാജൻ.വി.ആർ.
പ്രൊഫസർ ആന്റ് ഹെഡ്